# 25.06.2016. ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം 25.06.2016ന് രാവിലെ 10 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പര് | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ബുഷ്റ ഷെബീർ | 5 |
| 5 | കെ.വി. രാജസുലോചന | 6 |
| 6 | ചന്ദ്രിക.കെ | 7 |
| 7 | ടി.വി. മുംതാസ് | 8 |
| 8 | പി. റംല ടീച്ചർ | 9 |
| 9 | അലവി തൈക്കാട്ട് | 10 |
| 10 | ടി.പി. സുബൈർ | 11 |
| 11 | അബ്ദുൾ റഹീം (നാണി) | 12 |
| 12 | ടി.വി. സുലൈഖബി | 13 |
| 13 | കെ.കെ. നാസർ | 14 |
| 14 | ജമീല അബു | 15 |
| 15 | റംല കറുത്തേടത്ത് | 16 |
| 16 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 17 | നന്ദകുമാർ പള്ള്യാൽ | 18 |
| 18 | അബ്ദുറഹ്മാൻ.കെ.വി. | 19 |
| 19 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 20 | വേളക്കാടൻ ലൈല റഷീദ് | 21 |
| 21 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 22 | കെ. ഗിരിജ | 23 |
| 23 | സൈതലവി | 24 |
| 24 | അമരിയിൽ ആഷിത റസാഖ് | 25 |
| 25 | ജിനി | 26 |
| 26 | വഹീദ ഖലീൽ | 27 |
| 27 | അബ്ദുള്ളകുട്ടി | 28 |
| 28 | അഹമ്മദ് മണ്ടായപ്പുറം | 29 |
| 29 | കെ. കമലാക്ഷി | 30 |
| 30 | സാജിദ് മങ്ങാട്ടിൽ | 31 |
| 31 | രാമചന്ദ്രൻ മാത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ എന്നിവർ പങ്കെടുത്തു.

**<u>യോഗത്തിലെ തീരുമാനം</u>**

**<u>അജണ്ട:</u>**

## <u>1. H1-27/15</u>

കോട്ടക്കൽ നഗരസഭയെ "തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കപ്പെട്ട (ODF)" നഗരസഭയായി പ്രഖ്യാപിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:**തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കപ്പെട്ട ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് 13.06.2016ലെ സ.ഉ. (എം.എസ്.)നം.76/2016/ തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

## <u>തീരുമാനം</u>

കോട്ടക്കൽ നഗരസഭയിലെ വിവിധ വാർഡുകളിൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ കക്കൂസ് ഇല്ലാത്ത വീടുകൾ ഇല്ലായെന്നും നഗരസഭയിൽ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നില്ല എന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോട്ടക്കൽ നഗരസഭയെ "തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കപ്പെട്ട (ODF)" നഗരസഭയായി ഐക്യകണ്ഠേന നഗരസഭ കൗൺസിൽ പ്രഖ്യാപിച്ചു.

ഇന്ന് (25.06.2016)നടക്കുന്ന വികസന സെമിനാറിൽവെച്ച് പൊതുജനങ്ങളെ സാക്ഷി നിർത്തി ഇതുസംബന്ധിച്ച ഔദ്യോഗിക വിളംബരം കോട്ടക്കൽ നിയോജക മണ്ഡലം എം.എൽ.എ. പ്രൊഫ: ആബിദ് ഹുസൈൻ തങ്ങൾ എന്നവരെകൊണ്ട് നടത്തുന്നതിന് തീരുമാനിച്ചു.

നഗരസഭയിൽ ഏതെങ്കിലും വാർഡുകളിൽ ഇനിയും കക്കൂസ് ഇല്ല എന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് 15 ദിവസത്തെ സമയം കൂടി കൗൺസിലർമാർക്ക് അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**